# പടവുകൾ


## അക്കാദമിക മാസ്റ്റർ പ്ലാൻ

ഗവ. ഠൗൺ. എൽ. പി. എസ് കുടയ്ക്കൽ

2023



"അറിവ് വെളിച്ചമാണ്......
അധ്യാപകൻ വിളക്കുമരവും......
മനുഷ്യനിൽ അന്തർലീനമായിരിക്കുന്ന
നന്മകളെ പുറത്തുകൊണ്ടു
വരലാണ് വിദ്യാഭ്യാസം"



# Profile

| | |
|---|---|
| Name of School | : Govt Town lps Kadakkal |
| Name of Revenue Village | : Kadakkal |
| Name of BRC | : BRC Chadayamangalam |
| Name of Panchayath | : Kadakkal |
| Name of Block | : Chadayamangalam |
| Name of Revene Dist | : Kollam |
| Name of Edu : Dist | : Punalur |
| Name of Edu : Subdist | : Chadayamangalam |
| Name of HM | : Sindhu CS |
| Mobile No | : 9497777976 |
| School Email Id | : townlpskadakkal@gmail.com. |

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കുട്ടികളുടെ അവകാശങ്ങളെ സംരക്ഷിച്ചുകൊണ്ട് ഓരോ വിദ്യാലയവും മികവിന്റെ കേന്ദ്രമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കുന്ന സുപ്രധാന രേഖയാണ് അക്കാദമിക മാസ്റ്റർപ്ലാൻ. വിദ്യാലയം അതിന്റെ വികസന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലേത്താൻ ഇത് സഹായകമാകും. ഈ അധ്യയന വർഷത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് എല്ലാ സ്കൂളുകളിലും നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതിയാണ് 'സമഗ്രഗുണമേന്മാ വിദ്യാഭ്യാസം'. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്നതാണ് നിലപാട്. കുട്ടികളുടെ സമഗ്ര വികാസത്തിൽ ശാരീരിക, ബൗദ്ധിക, മാനസിക, വൈകാരിക, സാമൂഹിക ഘടക വികാസ മേഖലയുടെ ശാസ്ത്രീയവും പ്രായത്തിനനുഗുണമായ വളർച്ചയാണ് ലക്ഷ്യം വെയ്ക്കുന്നത്.

എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഒരുക്കുക സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികളെ മറികടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സമഗ്രഗുണമേന്മ പദ്ധതി കൊണ്ട് അർത്ഥമാക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം പ്രവർത്തനങ്ങൾ നമ്മുടെ സ്കൂളിലും നടത്തിവരുന്നുണ്ട്. എല്ലാവർക്കും സർവ്വോന്മുഖമായ വികസനത്തിന് തുല്യ അവസരങ്ങൾ ലഭ്യമാക്കണം. ഒപ്പം പാരിസ്ഥിതികാവബോധം, സാമൂഹികാവബോധം, വിമർശന അവബോധം, ലിംഗസമത്വ ധാരണ തുടങ്ങിയവയും ആർജ്ജിക്കണം. ഇതിന് വിദ്യാലയങ്ങൾ നിലവിലുള്ള പഠനബോധനരീതികൾ ബോധപൂർവ്വം പുനരാവിഷ്കരിക്കേണ്ടതുണ്ട്. പഠനം രസകരവും വെല്ലുവി

## ലക്ഷ്യങ്ങൾ:

* പഠന വിഷയങ്ങളിൽ ആശയ ദൃഢത ഉറപ്പ് വരുത്തുക.
* പാഠ്യേതര വിഷയങ്ങളിൽ കഴിവ് വർദ്ധിപ്പിക്കുക.
* സർഗാത്മകതയ്ക്ക് പ്രാധാന്യം നൽകുന്നു.
* കുട്ടിയുടെ സ്വഭാവരൂപീകരണത്തിന്റെ ഭാഗമായി 'പ്രതീക്ഷ 2025' എന്ന തനത് പദ്ധതി പ്രാവർത്തികമാക്കുക.
* പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പരിഗണന നൽകൽ.
* ഇംഗ്ലീഷ് വിദ്യാഭ്യാസത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് പ്രത്യേക Spoken English ക്ലാസുകൾ.
* ലൈബ്രറി പ്രയോജനപ്പെടുത്തൽ.
* ശാസ്ത്ര ഗണിത ശാസ്ത്ര ലാബുകൾ ക്രമീകരിക്കൽ.
* എല്ലാ കുട്ടികൾക്കും എഴുത്തും വായനയും അറിയുക.
* ക്ലാസ് ലൈബ്രറി.
* പഠനം സർഗാത്മകമാക്കുന്നതിലൂടെ കുട്ടികളുടെ ഭാഷാശേഷിയും പ്രതികരണശേഷിയും, ആത്മവിശ്വാസവും, സർഗാത്മക കഴിവുകളും വികസിപ്പിക്കുക.
* കുട്ടികളുടെ പഠനമികവുകൾ പൊതുസമൂഹത്തെ ബോധ്യപ്പെടുത്തുക. അതിലൂടെ വിദ്യാലയം മികവിന്റെ കേന്ദ്രമാണെന്ന് തിരിച്ചറിയുക.
* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുന്നു.
* അമ്മവായന
* ആഘോഷദിവസങ്ങളിൽ സാമൂഹിക പങ്കാളിത്തം.
* വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവ പാലിക്കുക.
* വിവരസാങ്കേതിക വിദ്യകൾ നല്ല രീതിയിൽ പ്രയോജനപ്പെടുത്തുക.
* ഗണിതം ലളിതവത്കരിക്കുക.
* ഗണിതാശയങ്ങൾ പ്രയാസം കൂടാതെ സ്വായത്തമാക്കുക.
* പത്രവായന പ്രോത്സാഹിപ്പിക്കൽ.
* മാതൃഭാഷ നിലവാരം ഉയർത്തൽ.

# നിലവിലുള്ള മികവുകൾ പോരായ്മകൾ

ഗവ ടൗൺ എൽ പി. എസ് സ്കൂളിൽ നിലവിൽ കുട്ടികൾക്ക് സുരക്ഷിതമായതും അടച്ചുറപ്പുള്ളതുമായ ക്ലാസ്മുറികൾ ലഭ്യമായിട്ടുണ്ട്. കഴിഞ്ഞ അധ്യയന വർഷം പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം നടത്തുകയും കുട്ടികൾക്ക് എല്ലാ സൗകര്യങ്ങളോടും കൂടിയ ക്ലാസ്മുറികൾ ലഭ്യമായിട്ടുണ്ട്. കൂടാതെ ക്ലാസ് മുറികൾ ഡിജിറ്റൽ സംവിധാനത്തോടു കൂടിയതുമാണ്. പുതിയ 5 ക്ലാസ്മുറികളിലും ഡിജിറ്റൽ ബോർഡ് സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഉദ്ഘാടനം കഴിയുന്നതോടെ അത് കുട്ടികൾക്ക് വേണ്ടി പ്രയോജനപ്പെടുത്താൻ കഴിയും. തുടർന്ന് വർണ്ണക്കൂടാരം പദ്ധതി പ്രീപ്രൈമറി കുട്ടികൾക്ക് വേണ്ടി നടപ്പിലാക്കാൻ സാധിച്ചു എന്നത് ഒരു മികവാണ്.

ക്ലാസ്മുറികളുടെ എണ്ണം വർധിപ്പിക്കേണ്ടത് ഒരു ഘടകമായി നിലനിൽക്കുന്നു. നിലവിൽ ഒരു ക്ലാസ് മുറി പ്രവർത്തിക്കുന്നത് വർണ്ണക്കൂടാരം പദ്ധതിയുടെ ഭാഗമായുള്ള ക്ലാസ് മുറിയിലാണ്. ആയതിനാൽ പുതിയ ക്ലാസ്മുറിയുടെ ആവശ്യകതയുണ്ട്. കൂടാതെ ടോയ്‌ലറ്റ് സൗകര്യവും മെച്ചപ്പെടേണ്ടതുണ്ട്. കുട്ടികൾക്ക് Dining area ഇല്ലാത്തതും ഒരു പോരായ്മയാണ്. ഭൗതിക സാഹചര്യങ്ങൾ ഇനിയും മെച്ചപ്പെടേണ്ടതുണ്ട്. കുട്ടികളുടെ കായികപരമായിട്ടുള്ള പ്രവർത്തനങ്ങൾക്ക് ഒരു ഗ്രൗണ്ട് / കളിസ്ഥലം ഇല്ല എന്നുള്ളതും എടുത്തുപറയേണ്ട ഒരു പോരായ്മയാണ്.

അക്കാദമിക മികവുകൾ എടുത്തു പറയേണ്ടതാണ്. പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ കുട്ടികൾ മികവ് പുലർത്തുന്നുണ്ട്. 1 മുതൽ നാല് വരെ ക്ലാസുകൾ 2 ഡിവിഷനുകളിലായി പ്രവർത്തിക്കുന്നു. സ്കൂളിലെ അധ്യാപകരുടെ

നേതൃത്വത്തിൽ വിവിധ ക്ലബ്ബുകൾ നടത്തി വരുന്നു. കുട്ടികൾക്ക് വേണ്ടി ഈ വർഷം സ്കൂൾ നടപ്പിലാക്കിയ പദ്ധതിയാണ് 'പ്രതീക്ഷ 2025' ഓരോ ക്ലാസിലും ടൈം ടേബിൾ പ്രകാരം ഇത് നടത്തി വരുന്നു. കുട്ടികളുടെ സ്വഭാവരൂപീകരണം തന്നെ ലക്ഷ്യമിട്ട് കുട്ടികൾക്ക് വേണ്ടി നടത്തി വരുന്ന ഒരു പദ്ധതിയാണിത്. ഇതിനായി മികച്ച വ്യക്തികളുടെ ക്ലാസുകളും ഉൾപ്പെടുത്തി വരുന്നുണ്ട്. കഴിഞ്ഞ വർഷം LSS പരീക്ഷയിൽ മികച്ച വിജയം നേടാൻ സാധിച്ചു. കൂടാതെ ഗണിത ശാസ്ത്ര പ്രവൃത്തിപരിചയത്തിലും, കലോത്സവത്തിലും ഉന്നത വിജയം നേടാൻ നമ്മുടെ കുട്ടികൾക്ക് സാധിച്ചിട്ടുണ്ട്.

# സ്കൂൾ ചരിത്രം

കുടയ്ക്കൽ കേന്ദ്രീകരിച്ച് ഒരു എൽ. പി സ്കൂളിന്റെ അഭാവം മൂലം കൊച്ചു കുട്ടികൾ പഠനത്തിനായി വളരെയേറെ ദൂരം പോകേണ്ടി വന്നു. വാഹന സൗകര്യം ഇല്ലാതിരുന്ന അക്കാലത്ത് വളരെയധികം ബുദ്ധിമുട്ടുകൾ കുട്ടികൾ നേരിട്ടു. കുടയ്ക്കൽ ടൗണിനു സമീപം ഒരു സ്കൂളിന്റെ ആവശ്യകത മനസിലാക്കിയ പൊതുജനങ്ങളുടെ കൂട്ടായ പരിശ്രമത്തിന്റെ ഫലമായാണ് ഗവൺമെന്റ് എൽ.പി-സ്കൂൾ കുടയ്ക്കൽ പ്രദേശത്ത് രൂപം കൊണ്ടത്. 1961-ലാണ് ഈ വിദ്യാലയത്തിന് അനുമതി നൽകിയത്. കുടയ്ക്കലിലെ ഒരു സിനിമ കൊട്ടകയിലായിരുന്നു ഈ വിദ്യാലയം ആരംഭിച്ചത്. വളരെ വൈകാതെ തന്നെ ശ്രീ. ഷൺമുഖൻ ചെട്ടിയാരുടെയും കുടുംബാംഗങ്ങളുടെയും വസ്തുവും, അതിന്റെ കിഴക്കുഭാഗത്ത് തരിശായി കിടന്ന പാറയും ഉൾപ്പെടെ 60 സെന്റ് വസ്തു, സർക്കാർ ഈ വിദ്യാലയത്തിനായി ഏറ്റെടുത്തു. ഇതിനുവേണ്ട സാമ്പത്തികം നാട്ടുകാർ പിരിവെടുത്താണ് നൽകിയത്. കെട്ടിടം പണിയുന്നതിനായി ശ്രീ സോമൻ ഉണ്ണിത്താൻ എന്ന വ്യക്തിക്ക് കരാർ നൽകുകയുണ്ടായി. തുടർന്ന് ഓലഷെഡ് കെട്ടി പഠനം ആരംഭിച്ചു. പിന്നീടാണ് ഇന്ന് കാണുന്ന കെട്ടിടങ്ങൾ ഉണ്ടായത്. തുടർന്ന് ഈ പഞ്ചായത്തിനോടുകൂടി ആവശ്യമായ ഉപകരണങ്ങൾ കണ്ടെത്തി. ആദ്യകാല അധ്യാപകൻ ശ്രീ കൃഷ്ണപിള്ള സാർ ആയിരുന്നു. ഒന്നു മുതൽ നാല് വരെ നാനൂറിൽപരം കുട്ടികൾ പഠിച്ചിരുന്ന ഈ വിദ്യാലയത്തിന് അൺ-എയ്ഡഡ് സ്കൂളുകളുടെ വരവോടെ മങ്ങലേറ്റു. ടൗൺ വികസിച്ചതോടെ വാഹന ഗതാഗതക്കുരുക്ക് അനുഭവപ്പെടാൻ തുടങ്ങിയപ്പോൾ കുട്ടികൾക്ക് സ്കൂളിലേക്ക് നടന്നു സ്കൂളിലേക്ക് എത്തിച്ചേരാൻ കഴിയാതെയായി. ഇതും കുട്ടികൾ കുറയുന്നതിന് കാരണമായി. എന്നാൽ PTA യുടെയും നാട്ടുകാരുടെയും, പൂർവവിദ്യാർത്ഥികളുടെയും ശ്രമഫലമായി ഒരു വാഹനം വാങ്ങിയതോടെ കുട്ടികളുടെ എണ്ണം വർദ്ധിച്ചു.

നിലവിൽ കുട്ടികളുടെ എണ്ണം വർദ്ധിക്കുകയും വളരെ നല്ല രീതിയിൽ സ്കൂൾ പാഠ്യേതര പ്രവർത്തനങ്ങളിൽ മുന്നേറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

ളികൾ ഉയർത്തുന്നതുമായി മാറാൻ സഹായിക്കുന്ന പഠന പ്രക്രിയ, IT സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന പഠനാന്തരീക്ഷം, സമൂഹവുമായി സംവദിച്ച് പഠിക്കാനാവശ്യമായ അവസരങ്ങൾ വിവിധങ്ങളായ വിലയിരുത്തൽ രീതികൾ തുടങ്ങിയവ ഉൾച്ചേർത്തുകൊണ്ടുള്ള ഒരു പഠനബോധന മാതൃകയാണ് നാമിന്ന് സ്വീകരിച്ചിരിക്കുന്നത്.

വരും തലമുറയ്ക്ക് നമ്മളാൽ കഴിയുന്ന ഏറ്റവും മഹത്തായ ഒരു സംഭാവനയായിരിക്കണം. വിവരസാങ്കേതിക വിദ്യയുടെ ലോകത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. സമാന്തത്വവിദ്യാലയങ്ങളെ സംരക്ഷിക്കേണ്ടത് അനിവാര്യമായി തീർന്നിരിക്കുന്ന ഈ സാഹചര്യത്തിൽ നൂതനങ്ങളായ പദ്ധതികൾ നടപ്പിലാക്കേണ്ടത് അനിവാര്യമാണ്. അന്താരാഷ്ട്ര നിലവാരത്തിലേക്ക് കേരളത്തിലെ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിൽ നമുക്കും പങ്കുചേരാം.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വിവിധ പദ്ധതികളോട് സഹകരിച്ച് പ്രവർത്തിക്കാൻ ഗവ. ടൗൺ. എൽ.പി.എസിന് സാധിക്കുന്നു എന്നത് ഏറെ അഭിമാനാർഹമായ കാര്യമാണ്.

# നിലാവിലെ കുട്ടികളുടെ എണ്ണം

## 2025-26 അദ്ധ്യയനവർഷത്തിലെ കുട്ടികളുടെ എണ്ണം.

| Standard | Boys | Girls | Total |
|---|---|---|---|
| I A + I B | 19 | 16 | 45 |
| II A + II B | 18 | 24 | 42. |
| III A + III B. | 18 | 21 | 39 |
| IV A + IV B. | 11 | 21 | 32. |
| Preprimary. | 29 | 31 | 58. |

## അദ്ധ്യാപകരുടെ എണ്ണം / ക്ലാസുകൾ കൈകാര്യം ചെയ്യുന്ന അദ്ധ്യാപകർ.

| ക്ലാസ് | അദ്ധ്യാപികയുടെ പേര്. |
|---|---|
| പ്രീപ്രൈമറി LKG | സ്വപ്ന S. |
| പ്രീപ്രൈമറി UKG. | ജൂലി RS |
| ഒന്നാം ക്ലാസ് A. | സിന്ധു CS. |
| ഒന്നാം ക്ലാസ് B. | പൂജപ്രസാദ്. |
| രണ്ടാം ക്ലാസ് A. | ആശലത. |
| രണ്ടാം ക്ലാസ് B. | സ്നേഹ OR |
| മൂന്നാം ക്ലാസ് A | ബിൻസി KR. |
| മൂന്നാം ക്ലാസ് B | ഷീല A. |
| നാലാം ക്ലാസ് A. | റീനുരാജ്. |
| നാലാം ക്ലാസ് B | പ്രിയാലക്ഷ്മി PK. |
| അറബിക്. | മഞ്ജു. |

## അനധ്യാപകർ.

| വിഭാഗം | എണ്ണം |
| --- | --- |
| PTCM | 1 |
| പ്രീപ്രൈമറി ആയ | 1 |
| പാചകത്തൊഴിലാളി | 1 |
| സ്കൂൾ ബസ് ഡ്രൈവർ | 1 |
| ആയ | 1 |

## വിദ്യാലയത്തിലെ IT അനുബന്ധസൗകര്യങ്ങളുടെ അവസ്ഥ.

| വിഭാഗം . | നിലവിൽ . |
| --- | --- |
| കമ്പ്യൂട്ടർ ഡെസ്ക്ടോപ്പ് | 1 |
| ലാപ്ടോപ്പ് | 4 |
| പ്രൊജക്ടർ | 2 |
| Language Lab | Nil |
| Smart class Room . | Nil |
| Email · Id | townlpskadakkal@gmil.com |

# നിലവിലെ ഭൗതികാന്തരീക്ഷം.

| വിഭാഗം | നിലവിലെ അവസ്ഥ. |
|---|---|
| ക്ലാസ് മുറികൾ. | 9 (പ്രീപ്രൈമറി ഉൾപ്പെടെ) |
| ആൺകുട്ടികളുടെ ടോയ്‌ലറ്റ് - | 1 ബ്ലോക്ക്. |
| പെൺകുട്ടികളുടെ ടോയ്‌ലറ്റ് | 2 ബ്ലോക്ക്. |
| കുടിവെള്ള സൗകര്യം. | തൃപ്തികരം. |
| പ്രധാന അധ്യാപക മുറി. | 1 |
| സ്റ്റാഫ് റൂം - | ഇല്ല. |
| റാമ്പ്/ റെയിൽ | 4. |
| സ്റ്റോർ റൂം. | 1 |
| സ്കൂൾ വാൻ | 1 |
| കിഡ്സ് പാർക്ക് - | 1 |
| കളിസ്ഥലം. | ഇല്ല. |
| അടുക്കള. | 1 |

## പിന്തുണ സംവിധാനങ്ങൾ.

| വിഭാഗം. | നിലവിലെ അവസ്ഥ. |
|---|---|
| SRG | കൃത്യമായും കാര്യക്ഷമമായും പ്രവർത്തിക്കുന്നു. |
| PTA. | കാര്യക്ഷമം |
| MPTA. | കാര്യക്ഷമം |
| ഉച്ചഭക്ഷണ കമ്മിറ്റി | സജീവം |
| SMC. | സജീവം. |
| സ്കൂൾ വികസന സമിതി. | സജീവം |
| ക്ലാസ് പ്രവർത്തനങ്ങൾ. | തൃപ്തികരം. |
| സ്കൂൾ സുരക്ഷ സമിതി | കാര്യക്ഷമം. |

# 2025-26 അധ്യയന വർഷത്തെ അക്കാദമിക പ്രവർത്തനങ്ങൾ.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| (1) കുട്ടികളിൽ ധാർമികമൂല്യം, സ്വഭാവരൂപീകരണം എന്നിവ വളർത്തുന്നതിനും ലഹരി/ മറ്റ് സാമൂഹിക തിന്മകളെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും. സ്കൂളിൽ നടപ്പിലാക്കുന്ന നൂതന പ്രവർത്തനമാണ് പ്രതീക്ഷ 2025 | ആരോഗ്യശീലങ്ങൾ ഭക്ഷണശീലങ്ങൾ ഇവയുമായി ബന്ധപ്പെട്ട് ക്ലാസ്. | ജൂൺ - ജൂലൈ | SRG | PTA. |
| | ലഹരിയുമായി ബന്ധപ്പെട്ട ക്ലാസ്. യോഗ ക്ലാസ്. | ആഗസ്റ്റ് സെപ്റ്റംബർ. | SRG PTA | PTA |
| | ശുചിത്വ ബോധവൽക്കരണ ക്ലാസ്. | ഒക്ടോബർ നവംബർ. | SRG | SMC. |
| | വ്യക്തിവികാസവുമായി ബന്ധപ്പെട്ട ക്ലാസ്. | ഡിസംബർ ജനുവരി | SRG | PTA. |

| | | | | | |
|---|---|---|---|---|---|
| | ട്രാഫിക് നിയമങ്ങൾ പൊതുസ്ഥലത്ത് പാലിക്കേണ്ട നിയമങ്ങൾ. എന്നിവയുമായി ബന്ധപ്പെട്ട ബോധവത്ക്കരണ ക്ലാസ്. | ഫെബ്രുവരി മാർച്ച്. | PTA. SRG. | PTA. |
| 2 | കൃഷിയിൽ താല്പര്യം ഉണ്ടാക്കുന്നതിനും സ്വാശ്രയത്വബോധം ഉണ്ടാക്കുവാനും സ്കൂളിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കാൻ തീരുമാനിച്ചു. | വിത്ത്ശേഖരണം. ഗ്രോ ബാഗ് തയ്യാറാക്കൽ. വിത്ത്നടൽ | ജൂലൈ ആഗസ്റ്റ്. | PTA. SRG | PTA SMC. |
| | | കൃഷിഭവനിൽ നിന്നും പച്ചക്കറി തൈകൾ ശേഖരിച്ച് നടുന്നു. | സെപ്റ്റംബർ ഒക്ടോബർ | SRG | — |
| | | വളമിടൽ വെള്ളം നനയ്ക്കൽ വിളവെടുക്കൽ. | നവംബർ to മാർച്ച് | SRG | — |

| | | | | | |
|---|---|---|---|---|---|
| 3 | പഠന പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന കുട്ടികളെ ചിന്തുന്ന പ്രവർത്തനങ്ങൾ നൽകി ഉയർത്തിക്കൊണ്ട് വരുന്നതിന്. | മലയാളം. | | | |
| | | ചിത്രവായന അക്ഷരക്കാർഡുകൾ | ജൂലൈ | SRG | – |
| | | വാക്കുകൾ കണ്ടെത്തൽ വിനിമയപാഠങ്ങൾ | ആഗസ്റ്റ് സെപ്റ്റംബർ. | SRG | – |
| | | വാക്യം പൂർത്തിയാക്കൽ | ഒക്ടോബർ നവംബർ. | SRG | – |
| | | കഥ വരികൾ കൂട്ടിച്ചേർക്കൽ | ഡിസംബർ ജനുവരി. | SRG | – |
| | | കഥ പൂർത്തിയാക്കൽ. സംഭാഷണം ഡയറി. | ഫെബ്രുവരി മാർച്ച്. | SRG | – |
| | | ഇംഗ്ലീഷ്. | | | |
| | | Games | ജൂലൈ | SRG | – |
| | | Picture card Word web | ആഗസ്റ്റ് സെപ്റ്റംബർ. | SRG | – |
| | | Puzzles. | ഒക്ടോബർ നവംബർ. | SRG | – |

| | | | | |
|---|---|---|---|---|
| | Rhymes.<br>Simple Stories | ഡിസംബർ<br>ജനുവരി | SRG | — |
| | English<br>Assembly<br>Skit | ഫെബ്രുവരി | SRG | — |
| | ഗണിതം. | | | |
| | സംഖ്യാബോധം | ജൂൺ<br>ജൂലൈ | SRG | |
| | ചതുഷ്ക്രിയകൾ<br>സങ്കലനം<br>വ്യവകലനം | ആഗസ്റ്റ്<br>സെപ്റ്റംബർ | SRG | |
| | ഗുണനം<br>ഹരണം | ഒക്ടോബർ<br>to<br>ജനുവരി | SRG. | |
| | പ്രശ്നപരി<br>ഹാരം | ഫെബ്രുവരി | SRG | |
| | | | | |